**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4190** **03-03-2023 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് നിയോജക മണ്ഡലത്തിൽ വിമുക്തി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | എക്സൈസ് വകുപ്പ് വിമുക്തി പദ്ധതിയുടെ ഭാഗമായി പുതുക്കാട് മണ്ഡലത്തിൽപ്പെട്ട നന്തിക്കര സർക്കാർ ഹൈസ്കൂളിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനുമായി സ്കൂളുകളിൽ രൂപീകരിച്ച **ഉണർവ്വ്** പദ്ധതിയിൽ ഗവൺമെന്റ് വി.എച്ച്.എസ്സ്.എസ്സ്. നന്തിക്കരയെ തൃശ്ശൂർ ജില്ലയിൽ നിന്നും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി സ്കൂളിൽ ഫുട്ബോൾ ഗ്രൗണ്ട് ഒരുക്കുന്നതിനായി 1 ലക്ഷം രൂപയും, കബഡി/തായ്ക്കോണ്ടോ മാറ്റ്, ഓപ്പൺ ജിം എന്നിവയ്ക്കായി 2.5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3.5 ലക്ഷം രൂപ അനുവദിച്ചു. ഇതുവരെ 2.93 ലക്ഷം രൂപ വിനിയോഗിച്ചിട്ടുള്ളതും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) | കൂടുതൽ വിദ്യാലയങ്ങളിൽ വിമുക്തി പദ്ധതിയുടെ ഭാഗമായുള്ള വികസന, ബോധവത്കരണ പ്രവർത്തനങ്ങൾ അനുവദിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനുമായി നടപ്പിലാക്കിയ ഉണർവ്വ് പദ്ധതി കൂടുതൽ സ്കൂളുകളിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികളിലെ ലഹരി ഉപയോഗം ശ്രദ്ധയിൽപ്പെട്ടാൽ ആ കുട്ടികളെ നേർവഴിക്ക് നയിക്കാനുള്ള ഒരു മാർഗ്ഗമെന്ന നിലയിൽ നേർവഴി എന്ന പേരിൽ ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ലഹരിക്കെതിരെ കായിക ലഹരി എന്ന ലക്ഷ്യം മുൻനിർത്തി എക്സൈസ് വകുപ്പ് വിമുക്തി മിഷനുമായി ചേർന്ന് സംസ്ഥാനത്ത് 500 സ്കൂളുകളിൽ 'ടീം വിമുക്തി' എന്ന പേരിൽ വിവിധ കായിക ഇനങ്ങളിൽ ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. പെൺകുട്ടികൾക്ക് ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും, പെട്ടെന്നുണ്ടാകുന്ന അപകടങ്ങളിൽ നിന്നും ആക്രമണങ്ങളിൽ നിന്നും രക്ഷ നേടുന്നതിനും സ്വയം പ്രതിരോധം തീർക്കുന്നതിനുമായി സംസ്ഥാനത്തെ 138 റെയ്ഞ്ചുകളിലായി 138 സ്കൂളുകൾ തെരഞ്ഞെടുത്ത് പെൺകുട്ടികൾക്കായുള്ള സ്വയരക്ഷാ പരിശീലന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ